## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4147 27/06/2012 ൽ മറുപടിയ്ക്ക്

**ബാബു വിജയനാഥൻ കമ്മീഷൻ ശുപാർശകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. അജിത് | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ ബാബു വിജയനാഥൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) പ്രസ്തുത ശുപാർശകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ടോ; | (ബി) ബാബു വിജയനാഥൻ കമ്മീഷൻ സമർപ്പിച്ച ശുപാർശയിലെ തീരുമാനപ്രകാരമുള്ള ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നു. |
| (സി) മൂന്ന് വർഷം കൂടുമ്പോൾ ആനുകൂല്യം വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ; അതിൻപ്രകാരം അവസാനമായി ആനുകൂല്യം വർദ്ധിപ്പിക്കേണ്ടിയിരുന്നത് എന്നാണ്; യഥാസമയം വർദ്ധിപ്പിക്കാൻ കഴിയാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) ബാബു വിജയനാഥൻ കമ്മീഷൻ സമർപ്പിച്ച ശുപാർശയിന്മേലുള്ള തീരുമാനപ്രകാരം 3 വർഷം കൂടുമ്പോൾ ആനുകൂല്യം വർദ്ധിപ്പിക്കേണ്ടതാണ്. 2001 ശേഷം 2008 ലാണ് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്. തുടർന്ന് 2011-ൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിരുന്നു. എന്നാൽ വിവിധ വകുപ്പുകളിൽ നിന്ന് ശുപാർശകളും, അംഗീകാരവും ലഭിക്കാനുണ്ടായതിലുള്ള താമസം കാരണം 2011-ൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയാതെ വന്നു. 2012 ജനുവരിയിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. |

| | |
|---|---|
| (ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോഴുണ്ടായിരിക്കുന്ന വർദ്ധന കുറവാണെന്ന ആക്ഷേപം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ